# പൈശാചിക തന്ത്രം ചെറുക്കുവാൻ

**അബ്ദുൽ ജബ്ബാർ അബ്ദുല്ല**

أعوذُ بِكلمات الله التامات التى لاَ يجاوزهن بر ولاَ فَاجِرِ من شر ما خلَق وذَرأَ وبرأَ ومن شر ما ينزِلُ من السماءِ ومن شر ما يعرج فيها ومن شر ما ذَرأَ فى الأَرضِ ومن شر ما يخرج منها ومن شر فتنِ الليلِ والنهارِ ومن شر كُل طَارِقٍ إلا طَارِقاً يطْرق بِخيرٍ يا رحمن

"പുണ്യപുരുഷനും പാപിക്കും അതിലംഘിക്കുവാൻ കഴിയാത്ത അല്ലാഹുവിന്റെ സമ്പൂർണ്ണ വചനങ്ങളെ കൊണ്ട്, അവൻ ജീവനിടുകയും മുൻ മാതൃകയില്ലാതെ സൃഷ്ടിക്കുകയും ചെയ്തവയുടെ കെടുതിയിൽനിന്ന് ഞാൻ അഭയം തേടുന്നു. ആകാശത്തിൽനിന്ന് ഇറങ്ങുന്നവയുടേയും ആകാശത്തിലേക്ക് കയറിപ്പോകുന്നവയുടേയും കെടുതിയിൽനിന്നും (അല്ലാഹു)ഭൂമിയിൽ സൃഷ്ടിച്ചവയുടേയും ഭൂമിയിൽനിന്ന് പുറപ്പെടുന്നവയുടേയും കെടുതിയിൽനിന്നും രാപകലുകളിലുണ്ടാകുന്ന കുഴപ്പങ്ങളിലെ പരീക്ഷണങ്ങളിൽനിന്നും രാത്രിയിൽ വന്നിറങ്ങുന്നവയുടെ തിന്മയിൽനിന്നും പരമകാരുണികനായവനേ ഞാൻ അഭയം തേടുന്നു. എന്നാൽ, രാത്രിയിൽ നന്മ കൊണ്ടണയുന്നവയിൽ നിന്നല്ല."

ജിബ്‌രീൽ عليه السلام, പൈശാചിക തന്ത്രം ചെറുക്കുവാനായി നബി ﷺ യെ ഇപ്രകാരം പഠിപ്പിച്ചതായി ഇമാം അഹ്മദ് റിപ്പോർട്ട് ചെയ്ത ഹദീഥിലുണ്ട്. അൽബാനി ഹദീഥിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചു.